സബ്സിഡി നൽകി. പഴം പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോൽസാഹനം നൽകുന്നു. അധിക ഉൽപ്പാദനം മൂലം വിലയിടിവ് സംഭവിക്കുമ്പോൾ ഉൽപ്പന്നങ്ങൾ മറ്റ് മാർക്കറ്റുകളിലെത്തിക്കുവാൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു.

(ഡി) മേൽപ്പറഞ്ഞ പദ്ധതികൾക്കായി 2001-2002 മുതൽ 2004-2005 വർഷം വരെ 1144.194 ലക്ഷം രൂപ ചെലവാക്കി. വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും ഈ കാലയളവിൽ വ്യാപിപ്പിച്ചു.

പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരമുള്ള പെൻഷൻ

132 [2122] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിലെ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട്;

(ബി) എത്ര രൂപയാണ് ഓരോരുത്തർക്കും പെൻഷനായി നൽകുന്നത്. വർഷംതോറും ഇതിനായി സംസ്ഥാന സർക്കാരിന് എന്തുതുകയാണ് നീക്കിവയ്ക്കേണ്ടിവരുന്നത്;

(സി) ഈ പദ്ധതിപ്രകാരമുള്ള പെൻഷൻ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ പെൻഷൻ അനുവദിക്കാതെ ഇരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പെൻഷൻ അനുവദിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിപ്രകാരം അപേക്ഷ നൽകിയിട്ടും പെൻഷൻ നൽകാത്തതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ആ പരാതികളിൽമേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതിപ്രകാരം അംഗത്തിന് 60 വയസ്സ് പൂർത്തിയാകുമ്പോഴാണ് പ്രതിമാസ പെൻഷന് അർഹതയാകുന്നത്. ഇപ്പോൾ അർഹതയായവർ ആരും തന്നെയില്ല.

(ബി) അംഗങ്ങളായിട്ടുള്ളവർക്ക് 60 വയസ്സിനുമേൽ 1000 രൂപ പ്രതിമാസ പെൻഷൻ എന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പെൻഷൻ നൽകുന്നതിനുള്ള അർഹത ആർക്കും ആയിട്ടില്ല.

(സി) അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly